പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.308 | 28.05.2019 ൽ മറുപടിക്ക്

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം<br><br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി, പി.എച്ച്.സി എന്നിവ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി-കൾ , പി.എച്ച്.സി -കൾ എന്നിവ ചുവടെച്ചേർക്കുന്നു.<br>സി.എച്ച്.സി-കൾ: അമ്പലപ്പാറ, കടമ്പഴിപ്പുറം<br>പി.എച്ച്.സി -കൾ :ലക്കിടി, പേരൂർ, പൂക്കോട്ടുകാവ്. ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര, എലപ്പുള്ളി?... എലമ്പുലാശ്ശേരി, കോട്ടപ്പുറം |
| (ബി) | നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി. കളെയാണ് കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയത്; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പി.എച്ച്.സി -യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ പേരൂർ, പൂക്കോട്ടുകാവ്, എലമ്പുലാശ്ശേരി എന്നീ പി.എച്ച്.സി -കളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂക്കോട്ടുകാവ് പി.എച്ച്.സി -ക്ക് 14 ലക്ഷം രൂപയും, പേരൂർ, എലമ്പുലാശ്ശേരി എന്നീ പി.എച്ച്.സി -കൾക്ക് എൻ.എച്ച് എം. ഫണ്ടിൽ നിന്നും 15 .50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പി.എച്ച്.സികളെ കുടുംബാരോഗ്യകേന്ദ്രമാക്കുമ്പോൾ , പ്രവർത്തനത്തിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണുണ്ടാവുക എന്ന് വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ. പി രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം. വിഷാദരോഗത്തിനുള്ള ആശ്വാസ് ക്ലിനിക്, ശ്വാസകോശ രോഗ ചികിത്സക്കുള്ള ശ്വാസ് ക്ലീനിക്കുകൾ, മൂന്നു ഡോക്ടർമാരുടെ സേവനം. നേഴ്സസ് പ്രീ ചെക്കും കൗൺസലിങ്ങും. വൈകിട്ട് 6 മണിവരെ ഒ.പി സേവനങ്ങൾ. ലബോറട്ടറി സൗകര്യം തുടങ്ങിയ സേവനങ്ങൾ നിലവിൽ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ